പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2259 04.11.2019 ൽ മറുപടിയ്ക്ക്

## നെല്ല് സംഭരണം കാര്യക്ഷമമാക്കുന്നതിന് നടപടി

ചോദ്യം
ശ്രീ.കെ. ബാബു

ഉത്തരം
ശ്രീ. പി. തിലോത്തമൻ
(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് നെല്ല് സംഭരണം കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ ; | (എ) | സംസ്ഥാനത്ത് നെല്ല് സംഭരണം കാര്യക്ഷമമാക്കുന്നതിന് ഇതിനോടകം തന്നെ 45 മില്ലുകളുമായി സപ്ലൈകോ കരാർ ഒപ്പുവെച്ചിട്ടുണ്ട്. ഇതിനുപുറമെ സംസ്ഥാനത്തിന് പുറത്തുള്ള മില്ലുകളുമായി കരാറിൽ ഏർപ്പെട്ടുകൊണ്ട് കൂടുതൽ മില്ലുകളെ ഈ പദ്ധതിയുടെ ഭാഗമാക്കി നെല്ല് സംഭരണം കൂടുതൽ ഊർജ്ജിതമാക്കുന്നതിനുള്ള പദ്ധതി സർക്കാരിന്റെ പരിഗണനയിലാണ്. |
| (ബി) | ഈ സീസണിൽ എത്ര ടൺ നെല്ലാണ് പാലക്കാട് ജില്ലയിൽ സംഭരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ; | (ബി) | ഈ സീസണിൽ 28.10.19 വരെ 2379 ടൺ നെല്ല് പാലക്കാട് ജില്ലയിൽ നിന്ന് സംഭരിച്ചിട്ടുണ്ട്. |
| (സി) | നെല്ല് സംഭരണവുമായി ബന്ധപ്പെട്ട് കർഷകർക്ക് കൊടുക്കേണ്ട പണം സമയബന്ധിതമായി നൽകുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ ? | (സി) | നെല്ല് സംഭരിക്കുന്ന ഇനത്തിൽ കർഷകർക്ക് ലഭിക്കാനുള്ള തുക കാലതാമസം കൂടാതെ ലഭിക്കുന്നതിന് പി.ആർ.എസ് വായ്പാപദ്ധതി ഏർപ്പെടുത്തിയിട്ടുണ്ട്. ഈ പദ്ധതിയിലൂടെ കാലതാമസമില്ലാതെ തന്നെ കർഷകർക്ക് നെല്ലിന്റെ വില ലഭിക്കുന്നു. |

സെക്ഷൻ ഓഫീസർ